**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1558** | **10-10-2024 - ൽ മറുപടിയ്ക്ക്**

## ഭൂമിയുടെ ന്യായവിലയിൽ ഉണ്ടായ വർദ്ധനവ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. ടി. സിദ്ദിഖ്** | | **ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി (രജിസ്ട്രേഷൻ, മ്യൂസിയം, ആർക്കിയോളജി വകുപ്പ് മന്ത്രി)** | |
| (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ ന്യായവിലയിൽ ഉണ്ടായ വർദ്ധനവ് സാമ്പത്തിക വർഷാടിസ്ഥാനത്തിൽ ലഭ്യമാക്കാമോ; | (എ) | നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭൂമിയുടെ ന്യായവില 2022 -ൽ 10 ശതമാനവും 2023 -ൽ 20 ശതമാനവും വർദ്ധിപ്പിച്ചിട്ടുള്ളതാണ്. S.R.O.No.305/2022 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 30/03/2022 തീയതിയിലെ ജി.ഒ(പി)29/2022/റ്റി.ഡി നമ്പർ ഉത്തരവ് പ്രകാരം 10 ശതമാനവും, 2023 -ൽ S.R.O.No.420/2023 ആയി ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ള 25/03/2023 തീയതിയിലെ ജി.ഒ(പി)45/2023/റ്റി.ഡി നമ്പർ ഉത്തരവ് പ്രകാരം 20 ശതമാനവും വർദ്ധിപ്പിച്ചിട്ടുള്ളതാണ്. |
| (ബി) | ന്യായവില വർധനവിലൂടെ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ എന്നീ ഇനങ്ങളിൽ ഓരോ സാമ്പത്തിക വർഷവും പ്രതീക്ഷിച്ച ആകെ വരുമാനം എത്രയെന്നും എത്ര വരുമാനം ലഭിച്ചിട്ടുണ്ടെന്നും നടപ്പ സാമ്പത്തിക വർഷം ലക്ഷ്യമിട്ട തുക എത്രയാണെന്നും എത്ര തുക പിരിച്ചെടുക്കാൻ സാധിച്ചുവെന്നും വിശദമാക്കുമോ? | (ബി) | സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഫീസ് എന്നീ ഇനങ്ങളിൽ പ്രതീക്ഷിച്ച വരുമാനം ന്യായവില വർദ്ധനവിന്റെ അടിസ്ഥാനത്തിൽ കണക്കാക്കിയിട്ടില്ല. 2022-2023, 2023-2024 എന്നീ സാമ്പത്തിക വർഷങ്ങളിൽ ലക്ഷ്യമിട്ടിരുന്ന വരുമാനവും, വകുപ്പിന് ലഭിച്ചിട്ടുള്ള മൊത്തം വരുമാനവും 2024-25 സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടിരുന്ന വരുമാനവും സെപ്റ്റംബർ മാസം വരെ ലഭ്യമായ വരുമാനത്തിന്റെയും വിവരം ചുവടെ ചേർക്കുന്നു. |

| **Year** | **Target(In Crores)** | **Achievement (In Crores)** |
|---|---|---|
| 2022-23 | 4524.2502 | 5662.11 |
| 2023-24 | 5872.4507 | 5219.33 |
| 2024-2025 | 6382.1541 (target upto March 31, 2025) | 2597.83 (upto Sept, 2024) |

സെക്ഷൻ ഓഫീസർ